# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 21-10-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 441

### തുറമുഖങ്ങളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. എം. വിൻസെന്റ് | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. വി. എസ്. ശിവകുമാർ | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. റോജി. എം. ജോൺ | : | |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിവരിക്കുമോ ; | (എ) | കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങൾ വഴി കണ്ടെയ്നർ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, വിഴിഞ്ഞം തുറമുഖത്തിന്റെ വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ വാർഫിന്റെ നീളം കൂട്ടൽ, മറ്റ് വികസന പ്രവർത്തനങ്ങൾ, കൊടുങ്ങല്ലൂർ, പൊന്നാനി, അഴീക്കൽ, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനം എന്നീ കർമ്മപദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | തുറമുഖങ്ങൾ വഴിയുള്ള ഗതാഗതത്തിനും ചരക്ക് നീക്കത്തിനും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തുറമുഖങ്ങളുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) | തുറമുഖങ്ങളിലെ ചരക്ക് നീക്കത്തിനു ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. വാർഫിന്റെ നീളം കൂട്ടുന്ന പ്രവർത്തിയും തുറമുഖങ്ങളുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി തുറമുഖം പി.പി.പി മോഡലിൽ വികസിപ്പിക്കുന്നു. കേന്ദ്ര സർക്കാ രിന്റെ സാഗർമാല/ഭാരത്മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ